**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 113** **11-09-2023 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണ തൊഴിലാളി സെസ് പിരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണ തൊഴിലാളി സെസ്സ് പിരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടില്ല. 2021 നവംബർ മാസം മുതൽ സെസ്സ് പിരിച്ചെടുക്കുന്നതിനായി അദാലത്തുകൾ ഊർജിതമായി നടത്തിവരുന്നുണ്ട് . |
| (ബി) | ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷൻ വിതരണം എട്ടു മാസത്തിലേറെയായി മുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. നിലവിൽ 2022 നവംബർ മാസം വരെയുള്ള പെൻഷനാണ് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും വിതരണം ചെയ്തിട്ടുള്ളത്. ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. 3,80,014 (മൂന്ന ലക്ഷത്തി എൺപതിനായിരത്തി പതിനാല്) പെൻഷൻ ഗുണഭോക്താക്കളാണുള്ളത്. 57 കോടിയോളം രൂപ പ്രതിമാസ പെൻഷൻ വിതരണത്തിന് ആവശ്യമായി വരുന്നുണ്ട്. എന്നാൽ ബോർഡിന്റെ പ്രധാന വരുമാനമായ സെസ്സ് കളക്ഷനിലൂടെ ഏകദേശം 30 കോടിയോളം രൂപയാണ് പ്രതിമാസം ലഭിക്കുന്നത്. ഇക്കാരണത്താലാണ് സമയ ബന്ധിതമായി പെൻഷൻ അനുവദിക്കുന്നതിന് സാധിക്കാത്തത്. |
| (സി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ കുടിശ്ശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രധാന വരുമാന മാർഗം ഗാർഹിക-വാണിജ്യ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവിന്റെ ഒരു ശതമാനം നിരക്കിൽ പിരിച്ചെടുക്കുന്ന സെസ്സ് തുകയാണ്. നിലവിൽ പ്രതിമാസം ഏകദേശം 30 കോടിയോളം രൂപയാണ് ടി ഇനത്തിൽ ലഭിക്കുന്നത്. എന്നാൽ പെൻഷൻ വിതരണത്തിനു മാത്രം ഏകദേശം 57 കോടി രൂപ പ്രതിമാസം ആവശ്യമായി വരുന്നുണ്ട്. സെസ്സ് പിരിച്ചെടുക്കുന്നതിനായി 2021 നവംബർ മാസം മുതൽ അദാലത്തുകൾ നടത്തിവരുന്നുണ്ട് .അതുവഴി |

| | | | |
|---|---|---|---|
| | | | ബോർഡിന്റെ വരുമാനം മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2021-22 കാലയളവിൽ 285.60 കോടി രൂപയാണ് സെസ്സിനത്തിൽ പിരിച്ചെടുത്തതെങ്കിൽ 2022-23 ൽ ടി ഇനത്തിൽ 370 കോടി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് വകപ്പ് 3(1) പ്രകാരം നിർമ്മാണം പൂർത്തീകരിച്ച ഗാർഹിക, വാണിജ്യ കെട്ടിടങ്ങൾക്ക് ആകെ നിർമ്മാണ ചെലവിന്റെ 1% ൽ കുറയാത്തതും പരമാവധി 2% ൽ കൂടാത്തതുമായ തുക ഉടമയിൽ നിന്നും സെസ്സായി ചുമത്തി പിരിച്ചെടുക്കാൻ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് നിർമ്മാണ ചെലവിന്റെ 1% സെസ്സ് ആയി പിരിച്ചെടുക്കുന്നു. 10 ലക്ഷം രൂപയിൽ താഴെ നിർമ്മാണ ചെലവ് വരുന്ന വാസഗൃഹങ്ങൾ ഒഴികെയുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും സെസ്സ് ഒടുക്കേണ്ടതായിട്ടുണ്ട്. ഈ തുക നിർമ്മാണ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്. സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയാണ് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ പ്രധാന വരുമാന മാർഗം.

ഒരു മാസം പെൻഷൻ നൽകുന്നതിന് ഏകദേശം 57 കോടി രൂപയും, മറ്റാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ഭരണപരമായ ചെലവുകൾക്കുമായി 10 കോടി രൂപയുമടക്കം പ്രതിമാസം 67 കോടി രൂപയാണ് ബോർഡിന് ആവശ്യമായുള്ളത്. എന്നാൽ സെസ്സ് പിരിവിലൂടെ പ്രതിമാസം ലഭിക്കുന്നത് എകദേശം 30 കോടിയോളം രൂപയാണ്. ഒരു മാസം തന്നെ വരവും ചെലവും തമ്മിൽ 37 കോടി രൂപയുടെ അന്തരമുണ്ട്. കാലാകാലങ്ങളിലുണ്ടായ ടി അന്തരം മൂലമാണ് പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് കാലതാമസമനുഭവപ്പെടുന്നത് .

എന്നാൽ സെസ്സ് പിരിവ് ഊർജ്ജിതമാക്കുന്നതിനായി ലേബർ വകുപ്പിന്റെ മേൽനോട്ടത്തിൽ 2021 നവംബർ മാസം മുതൽ അദാലത്തുകൾ നടത്തിവരുന്നുണ്ട്.അതുവഴി ബോർഡിന്റെ വരുമാനം മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്.

മുൻ കാലങ്ങളിൽ ബിൽഡിംഗ് സെസ്സ് ഡാറ്റ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥർ നേരിട്ട് പോയി കളക്ട് ചെയ്യുകയാണ് ചെയ്തിരുന്നത്.കാലതാമസം ഒഴിവാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹകരണത്തോടെ സങ്കേതം ആപ്പിൽ നിന്നും പഞ്ചായത്ത് തലത്തിലുള്ള കെട്ടിടങ്ങളുടെ ഡാറ്റ ഓൺലൈൻ ആയി ശേഖരിച്ച് നോട്ടിസ് അയച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. മുൻസിപ്പാലിറ്റി, നഗരസഭ എന്നിവിടങ്ങളിൽ നിന്നും സമാനരീതിയിൽ ഡാറ്റ കളക്ട് ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധിയെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ബിൽഡിംഗ് സെസ്സ് ഒരു നിശ്ചിത തീയതി മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പിരിച്ചെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.